(എ) വിദേശത്ത് ജോലിക്ക് പോയ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സാങ്കേതിക കാരണങ്ങളാൽ ശമ്പളരഹിത അവധി അനുവദിക്കപ്പെടാതെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനെതിരെ പ്രവാസി മലയാളി കൗൺസിലിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ജീവനക്കാർക്ക് പെൻഷൻപോലും നൽകാത്തത് സംബന്ധിച്ച് പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(സി) ഒരു ദിവസമെങ്കിലും സർവ്വീസുള്ള ജീവനക്കാരന് പെൻഷൻ പ്രഖ്യാപിക്കാൻ തയ്യാറായ സംസ്ഥാന സർക്കാർ മേൽപ്പറഞ്ഞ ജീവനക്കാർക്ക് ലീവും പെൻഷനും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇത്തരം ജീവനക്കാർ സർക്കാർ സർവ്വീസിലിരിക്കേ അവധി അനുവദിക്കുന്നത് കാത്തു നിൽക്കാതെ അനധികൃതമായി വിദേശത്ത് ജോലിക്ക് പോകുന്നത് സർവ്വീസ് ചട്ടങ്ങളുടേയും പെരുമാറ്റ ചട്ടങ്ങളുടേയും ലംഘനവും സർവ്വീസിന്റെ പൊതുവായ അച്ചടക്കത്തെ ബാധിക്കുന്നവയുമാകയാൽ ഈ ആവശ്യം പരിഗണനാർഹമല്ല എന്നാണ് പൊതുവായ നിലപാട്. എങ്കിലും ഓരോ കേസും പരിശോധിച്ച് അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

പ്രവാസി കേരളീയരുടെ സമ്പാദ്യം

50 (789) ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയരുടെ സമ്പാദ്യം മ്യൂച്ചൽ ഫണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവാസി സംഘങ്ങളുടെ അപ്പക്സ് ബോഡി രൂപീകരിക്കുമോ;

(സി) ഇതിനായി പ്രവാസി സംഗമങ്ങൾ നടത്തുവാനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) പ്രവാസി കേരളീയരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുവാനുള്ള സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് പദ്ധതിയുടെ വിശദ വിവരം നൽകുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യങ്ങൾ പ്രവാസി കേരളീയ ക്ഷേമ ഏജൻസി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവാസി സംഗമങ്ങൾ നടത്തി പ്രവാസി സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി ഇത്തരം പ്രവാസി സംഗമങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളു.

ഇൻഫർമേഷൻ ടെക്നോളജി നയം

50(790)ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജി അടിസ്ഥാനമാക്കി വ്യാവസായികാഭിവൃദ്ധി നേടുന്നതിനായി സർക്കാർ ഇൻഫർമേഷൻ ടെക്നോളജി നയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇൻഫർമേഷൻ നയം രൂപീകരിക്കുന്നതിലേക്കായി രൂപീകരിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനത്തിനായി 'സെന്റർ ഫോർ എക്സലൻസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്

(സി) ഐ.റ്റി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളതുപോലെ ഐ.റ്റി മേഖലയിലെ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി ഐ.ഐ.റ്റി./ ഐ.ഐ.എം. നിലവാരത്തിലുള്ള 'സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെനന്റ്' (സിറ്റ്മ) എന്ന പേരിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രം, 30 കോടി രൂപാ ചെലവിൽ തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ സ്ഥാപിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഘട്ടം ഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ടെക്നോപാർക്കിൽ താൽക്കാലിക സ്ഥലസൗകര്യങ്ങൾ ഒരുക്കുക, കമ്പ്യൂട്ടറുകൾ സ്വായത്തമാക്കുകയും ലബോറട്ടറികൾ സജ്ജീകരിക്കുകയും ചെയ്യുക, ആവശ്യമായ ഫാക്കൾട്ടിയുടെ തെരെഞ്ഞെടുപ്പിൽ സഹായിക്കുക മുതലായവകൾക്കായി കേന്ദ്ര ഗവൺമെന്റിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള എഡ്യൂക്കേഷണൽ കൺസൾട്ടൻസ് ഓഫ് ഇന്ത്യാ ലിമിറ്റഡിനെ ചുമതലപ്പെടുത്തി കഴിഞ്ഞു. ആദ്യഘട്ടം അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly